പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 6557 — 12.07.2012 ൽ മറുപടിയ്ക്ക്

# എറണാകുളം ബ്രഹ്മപുരം വൈദ്യുതി നിലയം

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. എ.കെ. ബാലൻ | | ശ്രീ. ആര്യാടൻ മുഹമ്മദ് (ഊർജ്ജവും ഗതാഗതവും വകുപ്പ് മന്ത്രി) |
| (എ) എറണാകുളം ബ്രഹ്മപുരം വൈദ്യുതി നിലയം അടച്ചുപൂട്ടാൻ ആലോചിക്കുന്നുണ്ടോ; എങ്കിൽ ഇതിനു മുന്നോടിയായി ഉത്പാദനം നിർത്തി വച്ചിട്ടുണ്ടോ; | (എ) | ഇല്ല. ഉത്പാദനത്തിൽ നിയന്ത്രണം ഏർപ്പെടുത്തേണ്ടതായി വന്നിട്ടുണ്ട്. |
| (ബി) പ്രസ്തുത നിലയം അടച്ചു പൂട്ടുന്നതിനുള്ള കാരണമെന്താണ്; ഈ സർക്കാർ അധികാരമേറ്റ ശേഷം എത്ര ദിവസമാണ് ഇവിടെ ഉത്പാദനം നടന്നത്; | (ബി) | പ്രസ്തുത നിലയം അടച്ചു പൂട്ടാൻ തീരുമാനിച്ചിട്ടില്ല. ഈ സർക്കാർ അധികാരമേറ്റ ശേഷം 220 ദിവസം വൈദ്യുതി ഉത്പാദനം നടന്നിട്ടുണ്ട്. |
| (സി) ഇവിടെ എത്ര ജനറേറ്ററുകളാണ് ഉള്ളത്; ഇതിൽ എത്രയെണ്ണമാണ് ഇപ്പോൾ പ്രവർത്തിപ്പിക്കുന്നത്; | (സി) | 5 ജനറേറ്ററുകൾ. അതിൽ രണ്ടെണ്ണം മാത്രമേ ഇപ്പോൾ പ്രവർത്തന സജ്ജമായിട്ടുള്ളൂ. ബാക്കി 3 എണ്ണം ബ്രേക്ക് ഡൗൺ മെയിന്റനൻസിലാണ്. |
| (ഡി) വൈദ്യുതി ഉല്പാദന ചുമതലയുള്ള ഉദ്യോഗസ്ഥരെ രാത്രി ഷിഫ്റ്റിൽ നിന്നും ഒഴിവാക്കിയിട്ടുണ്ടോ; | (ഡി) | ഇവിടെ രാത്രി വൈദ്യുതോല്പാദനമില്ല. വൈദ്യുതി ഉപയോഗം കൂടി നിൽക്കുന്ന വൈകുന്നേരം 5.30 മുതൽ 10.30 വരെയുള്ള പീക്ക് സമയത്ത് മാത്രമേ ബ്രഹ്മപുരം വൈദ്യുതി നിലയത്തിൽ നിന്ന് ഇപ്പോൾ വൈദ്യുതി ഉത്പാദനം നടത്താൻ ലക്ഷ്യമിട്ടിട്ടുള്ളൂ. രാത്രി 10.30 നു ശേഷം പ്രസ്തുത നിലയത്തിൽ നിന്ന് ഉത്പാദനം നടത്താത്തതിനാൽ ഈ സമയത്ത് ഷിഫ്റ്റിൽ ഉദ്യോഗസ്ഥരെ നിയമിച്ചിട്ടില്ല. |

(--- 2)

| | | | |
|---|---|---|---|
| (ഇ) | പ്രസ്തുത നിലയത്തിലെ വൈദ്യുതി ഉത്പാദന ചെലവ് ഇപ്പോൾ യൂണിറ്റിന് എത്ര രൂപയാണ്; ഉപയോഗം കൂടിയ അവസരങ്ങളിൽ പുറമേ നിന്നും വൈദ്യുതി വാങ്ങുന്നത് യൂണിറ്റിന് എത്ര രൂപയ്ക്കാണെന്ന് വ്യക്തമാക്കാമോ? | (ഇ) | ബ്രഹ്മപുരം വൈദ്യുത നിലയത്തിലെ ഇപ്പോഴത്തെ വൈദ്യുതി ഉല്പാദന ചെലവ് 10 രൂപ 12 പൈസയാണ്. കേരളത്തിന് പുറമേ നിന്നും, പവർ എക്സ്ചേഞ്ച് മുഖേനയും ട്രേഡർമാർ മുഖേനയും ഹ്രസ്വ കാലാടിസ്ഥാനത്തിൽ 2012 ഏപ്രിൽ മാസം യൂണിറ്റൊന്നിന് ശരാശരി 7.399 രൂപയ്ക്കും മെയ് മാസത്തിൽ ശരാശരി 6.325 രൂപയ്ക്കുമാണ് വൈദ്യുതി വാങ്ങിയിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ